## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട** **03.11.2011-ൽ മറുപടിയ്ക്ക്**

**ചോദ്യം നമ്പർ. *721.**

### പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് ആശ്വാസപ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കോലിയക്കോട് എൻ. കൃഷ്ണൻ നായർ:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.ബാബു എം.പാലിശ്ശേരി:<br>ശ്രീ.രാജു എബ്രഹാം: | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ)സംസ്ഥാനത്ത് ഇപ്പോൾ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ ഏതൊക്കെയാണ്; അവ പൂട്ടിയതിനുള്ള കാരണം വെളിപ്പെടുത്തുമോ; ഇവ തുറന്ന് പ്രവർത്തിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ<br>**ഇടുക്കി ജില്ല.**<br>1) പീരുമേട് എസ്റ്റേറ്റ്.<br>2) ലോൺട്രി എസ്റ്റേറ്റ്.<br>3) മേത്താനത്ത് എസ്റ്റേറ്റ്.<br>**പാലക്കാട് ജില്ല**<br>1) കരിമല എസ്റ്റേറ്റ്.<br>2) ബിയാട്രീസ് എസ്റ്റേറ്റ്.<br>3) വാഴക്കുണ്ട് എസ്റ്റേറ്റ്.<br>4) ശിങ്കാരച്ചോല എസ്റ്റേറ്റ്.<br>5) കള്ളിയറ എസ്റ്റേറ്റ്<br>6) റോസറി എസ്റ്റേറ്റ്.<br>7) മണലാരു എസ്റ്റേറ്റ്.<br>(കാർഡമം ഡിവിഷൻ)<br>8) മീരാ ഫ്ളോറൻസ്എസ്റ്റേറ്റ്.<br><br>തോട്ടം ഉൽപ്പന്നങ്ങളുടെ വില നിലവാരത്തകർച്ച, മാനേജ്മെന്റുകളുടെ സാമ്പത്തിക ദുരുപയോഗം, ഉൽപ്പാദനച്ചെലവിൽ വന്ന വർദ്ധന, ഉൽപ്പാദനക്ഷമതാക്കുറവ്, EFL പരിധിയിൽ വരുന്നവ, ലീസ് പീരിയഡ് കഴിഞ്ഞവ എന്നിവയാണ് പ്രധാനമായും തോട്ടങ്ങൾ |

പൂട്ടിയതിനുള്ള കാരണങ്ങൾ. നിലവിൽ അടഞ്ഞുകിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തനസജ്ജമാക്കുന്നതിന് വിവിധ തലങ്ങളിൽ അനുരഞ്ജന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് തുറന്ന് പ്രവർത്തിപ്പിച്ച തോട്ടങ്ങൾ എത്രയായിരുന്നു;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 13 തോട്ടങ്ങൾ തുറന്നുപ്രവർത്തിപ്പിച്ചു.

(സി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്ക് മുൻ സർക്കാർ നൽകിവന്ന ആശ്വാസ പ്രവർത്തനങ്ങൾ ഇപ്പോഴും നടക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ;

(സി) ഉണ്ട്. തൊഴിലാളികൾക്ക് ഓണക്കാലത്ത് എക്സ്ഗ്രേഷ്യാ ധനസഹായം, കുടിവെള്ളം, വൈദ്യുതി, ലയങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന് ധനസഹായം, ആരോഗ്യപരിപാലനം ഒന്നാം ക്ലാസ്സു മുതൽ ഹയർ സെക്കൻഡറി വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന തോട്ടം തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായം, ഉന്നത വിദ്യാഭ്യാസ ധനസഹായം, മാരകരോഗം ബാധിച്ചിട്ടുള്ള തോട്ടം തൊഴിലാളികൾക്ക് ധനസഹായം, മരണാനന്തര ധനസഹായം, തോട്ടം തൊഴിലാളികളുടെ പെൺമക്കൾക്ക് വിവാഹധനസഹായം എന്നിങ്ങനെയുള്ള ആശ്വാസ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

(ഡി) തോട്ടങ്ങൾ നവീകരിക്കുന്നതിനായി പുതുതായി കേന്ദ്ര സഹായം തേടുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

(ഡി) ഇല്ല.

സെക്ഷൻ ഓഫീസർ